പട്ടയം ലഭിക്കുന്നതിന് നൽകിയ അപേക്ഷയിൻമേൽ നടപടി

9 [4984] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുന്ദമംഗലം പഞ്ചായത്തിൽ കല്ലുമൂടയിൽ മീനാക്ഷി കോഴിക്കോട് താലൂക്ക് സഭയിൽ പട്ടയം ലഭിക്കുന്നതിന് നൽകിയ അപേക്ഷ പരിഗണിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇവർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലത്തിന് പട്ടയം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് തടസ്സമൊന്നും നിലവിലില്ലെങ്കിൽ എന്നത്തേക്ക് പട്ടയം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിന്റെ കീഴിലുള്ള പുറംപോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം

10 [4985] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര ഹെക്ടർ വീതം പുറംപോക്ക് ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) പുറംപോക്ക് ഭൂമിയിൽ വർഷങ്ങളോളമായി കുടിൽ കെട്ടി താമസിച്ചു വരുന്നവരിൽ എത്ര പേരുടെ പട്ടയം ലഭിക്കാനുള്ള അപേക്ഷ ഓരോ പഞ്ചായത്തിലുമായി തീരുമാനം കൈക്കൊള്ളുവാനുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ)

എലത്തൂർ	..	256.04 ഹെക്ടർ
തലക്കളത്തൂർ	..	റവന്യൂ ഭൂമി ഇല്ല
നന്മണ്ട	..	73.14 ഏക്കർ

(ബി) തലക്കളത്തൂർ, നന്മണ്ട പഞ്ചായത്തുകളിൽ അപേക്ഷകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ എലത്തൂർ പഞ്ചായത്തിൽ 20 അപേക്ഷകൾ നിലവിലുണ്ട്.

സർവ്വേ അദാലത്തുകൾ

11 [4986] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ, ലക്ഷംവീട് കോളനികൾ മറ്റ് കോളനികൾ എന്നിവിടങ്ങളിലെ അർഹരായ എല്ലാവർക്കും പട്ടയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ കൈവശമുള്ളതും കൃഷി ചെയ്തുവരുന്നതുമായ ഭൂമി കൃഷിക്കാരനുതന്നെ ലഭിക്കത്തക്ക രീതിയിൽ ജണ്ട ഇട്ട് നൽകുന്നതിന് പരിപാടി പൂർത്തീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 13 ജില്ലകളിലായി ആകെ 681 വില്ലേജുകളിൽ സർവ്വേ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഇല്ല. അപേക്ഷ ലഭിക്കുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകിവരുന്നുണ്ട്.

(സി) ജണ്ട ഇട്ട് നൽകുന്ന നടപടികളൊന്നും ഇപ്പോൾ നിലവിലില്ല.

സർവ്വെ വകുപ്പിലെ ഒഴിവുകൾ നികത്താൻ നടപടി

12 [4987] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വെ വകുപ്പിൽ ആകെ എത്ര തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത്;

(ബി) ഓരോ തസ്തികയിലും എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) ഈ വകുപ്പിൽ തുടർച്ചാനുമതി ലഭിക്കാതെ നിലവിലുള്ള തസ്തികകൾ എത്രയാണ്;

(ഇ) ഈ തസ്തികകൾക്ക് തുടർച്ചാനുമതി ആവശ്യപ്പെടാതിരുന്നത് എന്തുകൊണ്ടാണ്;

(എഫ്) സർവ്വെ വകുപ്പിൽ നിലവിലുള്ള തസ്തികകളിൽ കുറവു വരുത്തുന്നതിന് സെക്രട്ടറീസ് കമ്മറ്റി ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 400 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി)

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	.. 336
സെക്കന്റ് ഗ്രേഡ് സർവെയർ	.. 46
ഡ്രൈവർ	.. 2
ചെയിൻമാൻ	.. 1
ട്രേസർ	.. 15

LIBRARY ARCHIVES Kerala Legislative Assembly